പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 130

21.03.2012-ൽ മറുപടിയ്ക്ക്

# തൊഴിലുറപ്പ് പദ്ധതിയിൽ വേതനവർദ്ധനവ്

**ചോദ്യം**

ശ്രീ. പി.കെ. ഗുരുദാസൻ
„ സി.കെ. സദാശിവൻ
„ വി.ചെന്താമരാക്ഷൻ
„ സി.കൃഷ്ണൻ

**ഉത്തരം**

ശ്രീ.കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി)

എ. തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്നവർക്ക് നിയമപ്രകാരം 14 ദിവസത്തിനകം കൂലി ലഭ്യമാക്കണമെന്ന വ്യവസ്ഥ പാലിക്കുന്നില്ലെന്ന വിവരം സർക്കാരിന്റെശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

എ. ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ബി. യഥാസമയം കൂലി നൽകാത്ത തദ്ദേശ സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കുമോ ;

ബി. സമയബന്ധിതമായി കൂലി നൽകുന്നതിന് കാലതാമസം വരുത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇതേപ്പറ്റി വിശദമായി വിലയിരുത്തുകയും പ്രസ്തുത കാരണങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതോടൊപ്പം മന:പൂർവ്വം കാലതാമസം വരുത്തിയതാണെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

സി. തൊഴിലുറപ്പ് പദ്ധതിയുടെ ദിവസവേതനം 200 രൂപ ആക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ ;

സി. തൊഴിലുറപ്പ് പദ്ധതിയുടെ ദിവസ വേതനം 200/- രൂപയായി വർദ്ധിപ്പിക്കണമെന്ന ആവശ്യം കേന്ദ്രസർക്കാരിന്റെ മുന്നിൽ സമർപ്പിച്ചിട്ടുണ്ട്.

ഡി. സംസ്ഥാന സർക്കാർ ഈ ആവശ്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

ഡി. ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ഇ. ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ നിലപാട് എന്താണ് ?

ഇ. കേന്ദ്ര സർക്കാർ നിലപാട് അറിയിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ.